പതിമൂന്നാം കേരള നിയമ സഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4526 04.02.2014 ൽ മറുപടിയ്ക്ക്

<u>ലീഗൽ മെട്രോളജി കൺട്രോളർ ഓഫീസ് ജീവനക്കാരിയെ അപമാനിച്ചവർക്കെതിരെ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 04.09.2013 ൽ തിരുവനന്തപുരം ലീഗൽ മെട്രോളജി കൺട്രോളർ ഓഫീസിൽ ഒരു കൂട്ടം ആളുകൾ അതിക്രമിച്ചുകയറി വനിതാജീവനക്കാരിയോട് അപമര്യാദയായി പെരുമാറുകയും വികലാംഗ ജീവനക്കാരനെ കൈയ്യേറ്റം ചെയ്യുകയും ചെയ്ത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (എ) കുറ്റക്കാരനായ ജീവനക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ലീഗൽ മെട്രോളജി കൺട്രോളർ ഓഫീസിൽ വനിതകൾക്കെതിരായി അതിക്രമങ്ങൾ തടയുന്നതിനുള്ള കമ്മിറ്റി നിലവിലുണ്ടോ; പരാതി പ്രസ്തുത കമ്മിറ്റിക്കോ, പോലീസിനോ കൈമാറിയിട്ടുണ്ടോ ; | (ബി) ലീഗൽ മെട്രോളജി വകുപ്പിൽ വനിതകൾക്കെതിരെ അതിക്രമം തടയുന്നതിന് കമ്മിറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റിയ്ക്ക്, ടി വിഷയവുമായി ബന്ധപ്പെട്ട് രേഖാമൂലം പരാതി ലഭിച്ചിട്ടില്ല. |
| (സി) മേൽ വിഷയത്തിൽ പരാതി നൽകിയ ആളെ സ്ഥലംമാറ്റിയത് ചട്ട പ്രകാരമാണോ; വ്യക്തമാക്കാമോ ; | (സി) പരാതി നൽകിയ ആളെ ചട്ട പ്രകാരം തന്നെയാണ് സ്ഥലം മാറ്റിയത്. |
| (ഡി) പകരം നിയമിക്കപ്പെട്ട ആൾ കൺട്രോളർ ഓഫീസിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ ; അവർ വികലാംഗയാണോ; | (ഡി). പകരം നിയമിക്കപ്പെട്ടയാൾ കൺട്രോളറാഫീസിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിട്ടില്ല. അവർ വികലാംഗയുമല്ല. |

| ചോദ്യം | ഉത്തരം |
| --- | --- |
| (ഇ) എന്ത് ഭരണ സൗകര്യത്തിനുവേണ്ടി യാണ് പരാതി നൽകിയ ആളെ ചട്ടങ്ങൾ ലംഘിച്ച് കൺട്രോളർ ഓഫീസിൽനിന്നും സ്ഥലം മാറ്റുകയും പകരം പത്തനംതിട്ട, കോന്നി സ്വദേശിനിയെ തിരുവനന്ത പുരത്തെ കൺട്രോളർ ഓഫീസിലേക്ക് സ്ഥലം മാറ്റുകയും ചെയ്തത് ; വിശദമാക്കാമോ; | (ഇ). ടി ഓഫീസിൽ നിന്നും ചട്ടങ്ങൾ ലംഘിച്ച് ആരെയും സ്ഥലംമാറ്റിയിട്ടില്ല. ടി ഓഫീസിൽ നിന്നും ഒരാളെ മാറ്റിയതിന് പകരമായിട്ട് പത്തനംതിട്ട, കോന്നി സ്വദേശിനിയെ കൺട്രോളറാഫീസിലേയ്ക്ക് സ്ഥലംമാറ്റിയിട്ടില്ല. ടി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ മുൻനിർത്തി യാണ് പരാതിക്കാരനെ തിരുവനന്തപുരത്ത് അമ്പലമുക്കിലുള്ള ഡെപ്യൂട്ടി കൺട്രോളറാ ഫീസിലേയ്ക്ക് സ്ഥലംമാറ്റിയത്. പകരം ഡെപ്യൂട്ടി കൺട്രോളറാഫീസിലുള്ള ഒരാളെ പത്തനംതിട്ട അസിസ്റ്റന്റ് കൺട്രോളറാ ഫീസിലേയ്ക്കും, പത്തനംതിട്ട ഓഫീസിൽ 8 വർഷത്തിൽ അധികമായി ജോലി ചെയ്തുവന്നിരുന്ന ആളിനെ കൺട്രോളറാ ഫീസിലേയ്ക്കും സ്ഥലം മാറ്റിയിട്ടുണ്ട്. |
| (എഫ്) ജീവനക്കാർക്ക് നേരെയുള്ള ചട്ട വിരുദ്ധമായ പ്രസ്തുത സ്ഥലംമാറ്റങ്ങൾ റദ്ദു ചെയ്യുമോ ; | (എഫ്). ബാധകമല്ല. |
| (ജി) ഓഫീസിൽ അതിക്രമിച്ച് കയറി വനിതാ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറുകയും വികലാംഗ ജീവനക്കാ രനെ കൈയ്യേറ്റം ചെയ്യുകയുംചെയ്ത വിഷയത്തിൽ കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടിയും പോലീസ് നടപടിയും സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | (ജി). ടി കേസിൽ കുറ്റക്കാരനായ വകുപ്പ് ജീവനക്കാരനെതിരെ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ